**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **04-02-2026 - ൽ മറുപടിയ്ക്ക്**

**മൃഗശാലയിലെ ജന്തുക്കൾക്കുണ്ടാകുന്ന അണുബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ഡോ. എം. കെ. മുനീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മൃഗശാലയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ അണുബാധ മൂലം ജന്തുക്കൾ ചത്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര ജീവികൾക്ക് അണുബാധ ഏറ്റതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) | 2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള ഒരു വർഷക്കാലയളവിൽ ആകെ 142 വിവിധ അണുബാധ കേസുകൾ ഉണ്ടായിട്ടുണ്ട്. |
| (സി) | ജീവികൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ നൽകേണ്ടി വന്നിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | മൃഗശാലയിലെ അണുബാധ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | തിരുവനന്തപുരം മൃഗശാലയിൽ അണുബാധ തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു;<br><br>1. മൃഗശാലയിലെ പ്രധാന രോഗാണുബാധയായ ക്ഷയരോഗത്തിന് നിലവിൽ മൃഗങ്ങളിൽ ചികിത്സ ലഭ്യമല്ലാത്തതിനാൽ മരണ നിരക്ക് കുറച്ച് നിർത്തുന്നതിനുള്ള നടപടികൾ മൃഗശാല വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ നൽകി വരുന്നു. ക്ഷയരോഗം റിപ്പോർട്ട് ചെയ്യപ്പെട്ട കാലയളവിൽ SIAD പാലോട് നിന്നുള്ള വിദഗ്ധ സംഘം മൃഗശാലയിൽ രണ്ട് തവണ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിച്ചതനുസരിച്ച് ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.<br><br>2. മൃഗങ്ങളിൽ മറ്റുള്ള രോഗ ബാധകൾ തടയുന്നതിനായി കൃത്യമായ ഇടവേളകളിൽ പ്രതിരോധ കുത്തിവയ്പുകൾ നൽകി വരുന്നു.<br><br>3. വേനൽക്കാല പരിചരണത്തിനായി പ്രത്യേക സംവിധാനങ്ങളും തീറ്റക്രമത്തിലെ മാറ്റങ്ങളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 4. മൃഗങ്ങളുടെ പൊതുവായ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും രോഗപ്രതിരോധ ശേഷി കൂട്ടുന്നതിനുമായി സപ്ലിമെന്റുകൾ നൽകി വരുന്നു.<br><br>5. മൃഗശാലയിൽ അണുനശീകരണത്തിനായി പ്രത്യേകമായി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.<br><br>6. പൊതുവായ പ്രതിരോധ മാർഗങ്ങളുടെ ഭാഗമായി കേന്ദ്ര മൃഗശാല നിർദ്ദേശിച്ചിട്ടുള്ള ബയോ സെക്യൂരിറ്റി നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>7. മൃഗശാല ജീവനക്കാർക്ക് ആവശ്യമായ ആരോഗ്യ പരിശോധനകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ